**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 512** **23-02-2022 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ്** | | **Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ജി.എസ്.ടി. നടപ്പാക്കുന്ന ഘട്ടത്തിൽ ലക്ഷ്യമിട്ടിരുന്ന നികുതി വളർച്ചയെത്രയെന്ന് വ്യക്തമാക്കാമോ; നടപ്പാക്കിയിട്ട് നാല് വർഷത്തിലധികമായിട്ടും ഉദ്ദേശിച്ച നികുതി വളർച്ച കൈവരിക്കാൻ സാധിക്കാത്തത് എന്തുകൊണ്ടെന്ന് വിശകലനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ജി.എസ്.ടി. നടപ്പാക്കുന്ന ഘട്ടത്തിൽ ലക്ഷ്യമിട്ടിരുന്നത് 14% വാർഷിക നികുതി വളർച്ചയാണ്. ജി.എസ്.ടി. നടപ്പിലാക്കിയതിന് ശേഷം സംസ്ഥാനത്തിന് നികുതി വരുമാനത്തിൽ വർദ്ധനവ് നേടാൻ സാധിച്ചിട്ടില്ല. ജി.എസ്.ടി. നികുതിനിരക്ക് നിശ്ചയിച്ചിരുന്നത് വിവിധ സംസ്ഥാനങ്ങളിൽ വാറ്റ് കാലയളവിൽ നിലവിലുണ്ടായിരുന്ന നികുതി നിരക്കിന്റെ അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിയ റവന്യൂ ന്യൂട്രൽ റേറ്റ് പ്രകാരമാണ്. എന്നാൽ, ജി.എസ്.ടി. കൗൺസിലിന് മുമ്പാകെ വന്ന ആവശ്യങ്ങൾ പരിഗണിച്ച് നികുതിനിരക്കിൽ ഗണ്യമായ കുറവ് പിന്നീട് വരുത്തുകയുണ്ടായി. കേരളത്തിന്റെ വാറ്റ് നികുതി പിരിവിന്റെ സിംഹഭാഗവും 14.5%മോ അതിനുമുകളിലോ നികുതി വിധേയമായ സാധനങ്ങളിൽ നിന്നുമാണ് ലഭ്യമായിരുന്നത്. ഇതിൽ ഭൂരിഭാഗത്തിന്റെയും നികുതിനിരക്ക് സംസ്ഥാന ജി.എസ്.ടി.യിൽ 14 ശതമാനമായി നിശ്ചയിച്ചിരുന്നത് ജി.എസ്.ടി. കൗൺസിൽ 9%, 6% എന്നീ നികുതിനിരക്കുകളിലേക്ക് കുറവ് ചെയ്യുകയുണ്ടായി. ഇത് സംസ്ഥാനം പ്രതീക്ഷിച്ച നികുതിപിരിവ് സാധ്യമാകാത്തതിനുള്ള പ്രധാന കാരണങ്ങളിലൊന്നാണ്. കൂടാതെ, അന്യ സംസ്ഥാനങ്ങളിൽ നിന്നും വാങ്ങുന്ന സാധനങ്ങളിൽ നൽകിയ ഐ.ജി.എസ്.ടി., എസ്.ജി.എസ്.ടി. അടയ്ക്കുന്നതിലേക്ക് തട്ടിക്കിഴിക്കുന്നതിലെ കൃത്യമായ വിവരങ്ങൾ ജി.എസ്.ടി. റിട്ടേൺ പൂർണ്ണമാകാത്തതിനാൽ യഥാസമയം ലഭ്യമായിരുന്നില്ല. ഇതും നികുതിപിരിവിനെ ഒരു പരിധി വരെ ബാധിച്ചിട്ടുണ്ട്. സംസ്ഥാനം അഭിമുഖീകരിച്ച തുടർച്ചയായ പ്രകൃതി ദുരന്തങ്ങളും |

| | | | |
|---|---|---|---|
| | | | തുടർന്ന് വന്ന covid മഹാമാരിയും അതിനെ തുടർന്നുണ്ടായ lockdown സാഹചര്യവും സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചു. |
| (ബി) | ജി.എസ്.ടി. നടപ്പാക്കിയതുമുതൽ നാളിതുവരെ സംസ്ഥാനത്തിന് ആകെ ലഭിച്ച ജി.എസ്.ടി. വരുമാനം, നഷ്ടപരിഹാര തുക എന്നിവ സംബന്ധിച്ച കണക്ക് ലഭ്യമാണോ; എങ്കിൽ വിശദാംശം നൽകാമോ; | (ബി) | ജി.എസ്.ടി. നടപ്പാക്കിയതുമുതൽ നാളിതുവരെ സംസ്ഥാനത്തിന് ആകെ ലഭിച്ച ജി.എസ്.ടി. വരുമാനത്തിന്റെയും നഷ്ടപരിഹാര തുകയുടെയും വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കാൻ കേന്ദ്രസർക്കാർ ശ്രമിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനം എന്തൊക്കെ മുൻകരുതൽ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ? | (സി) | ജി.എസ്.ടി. പിരിവ് കാര്യക്ഷമമാക്കുന്നതിനായി നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ജി.എസ്.ടി.യിൽ നികുതി ശൃംഖല വിപുലീകരിക്കുന്നതിന് വേണ്ടി വിവിധ ഏജൻസികളിൽ നിന്ന് വിവര ശേഖരണം നടത്തുകയും അതിൽ നിന്ന് രജിസ്ട്രേഷൻ ഇല്ലാത്തവരെ കണ്ടുപിടിച്ച് രജിസ്ട്രേഷൻ എടുപ്പിക്കുന്നിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. റിട്ടേൺ സ്ക്രൂട്ടിനി ഫലപ്രദമാക്കുന്നതിനുവേണ്ടി പ്രത്യേക മാനദണ്ഡ പ്രകാരം ടാക്സ് പെയേഴ്സിനെ ഓൺലൈൻ ആയി സെലക്ട് ചെയ്തു വിശദപരിശോധന നടത്തുന്ന രീതി നടപ്പിലാക്കി. ഇത് ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർധിപ്പിക്കുകയും നികുതി വെട്ടിപ്പ് ഫലപ്രദമായി തടയുന്നതിനും സഹായിക്കും. ജി.എസ്.ടി. പൂർണ്ണമായും വിവരസാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ഒരു നികുതി വ്യവസ്ഥയാണ്. നികുതിദായകന്റെ ക്രയവിക്രയങ്ങൾ സംബന്ധിച്ച് ജി.എസ്.ടി. നെറ്റ് വർക്കിൽ ലഭ്യമായ വിവരങ്ങളുടെ വിശകലനവും മറ്റ് ഏജൻസികളായ ഇൻകം ടാക്സ്, കസ്റ്റംസ് എന്നിവയിൽ സമർപ്പിച്ചിട്ടുള്ള വിവരങ്ങളുമായി വിശകലനങ്ങൾ നടത്തുന്നതിന് വേണ്ടി വകുപ്പിൽ പ്രത്യേക ഡാറ്റാ അനലറ്റിക്സ് വിഭാഗം രൂപീകരിച്ചിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി ആഡിറ്റും എൻഫോഴ്സ്മെന്റ് നടപടികളും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ചെക്ക്പോസ്റ്റ് സമ്പ്രദായം ഇല്ലാതായ സാഹചര്യത്തിൽ അതിർത്തികളിലൂടെയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനും വാഹന പരിശോധന കാര്യക്ഷമമാക്കുന്നതിനും വേണ്ടി സി.സി.ടി.വി. ക്യാമറകൾ പ്രധാനപ്പെട്ട അതിർത്തി പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ഇത് എ.എൻ.പി.ആർ. സിസ്റ്റവുമായി ബന്ധപ്പെടുത്തി മതിയായ രേഖകൾ (ഇ-വേ ബിൽ) ഇല്ലാതെ കടന്നുവരുന്ന ചരക്കു വാഹനങ്ങളുടെ വിവരം ഉടൻ തന്നെ വകുപ്പിന്റെ |

| | | | |
|---|---|---|---|
| | | | ഇന്റലിജൻസ് വിഭാഗത്തിന് ലഭ്യമാകുന്ന രീതിയിൽ സജ്ജീകരിച്ചിട്ടുണ്ട്. ജി.എസ്.ടി.യിൽ ഫയൽ ചെയ്ത വിവരങ്ങളെ അടിസ്ഥാനമാക്കി ദേശീയ തലത്തിൽ റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി സംസ്ഥാന തലത്തിൽ റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ച് ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇതും നികുതി വെട്ടിപ്പ് കണ്ടുപിടിക്കുന്നതിന് സഹായകമാകുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

ജി.എസ്.ടി. നടപ്പാക്കിയതുമുതൽ നാളിതുവരെ സംസ്ഥാനത്തിന് ആകെ ലഭിച്ച ജി.എസ്.ടി. വരുമാനത്തിന്റെയും നഷ്ടപരിഹാര തുകയുടെയും വിവരം

| Year | Protected Revenue (Cr.) | Total Revenue (Cr.) (SGST/ IGST Settlement/ VAT) | Ad-hoc settlement (Cr.) | Recovery | Devolution from 17-18 | Compensation Receivable (Cr.) | Compensation Received (Cr.) | Balance Compensation Receivable (Cr.) |
|---|---|---|---|---|---|---|---|---|
| 2017– 18 | 16398 | 13502.68 | 736 | 0.00 | 0.00 | 2159.32 | 2102.00 | 57.32 |
| 2018 –19 | 24924 | 18631.85 | 2734.36 | 0.00 | 0.00 | 3557.79 | 3532.00 | 25.79 |
| 2019– 20 | 28416 | 19622.88 | 693.52 | 0.00 | 0.00 | 8099.60 | 8111.00 | -11.40 |
| 2020 -21 | 32400 | 17962.40 | 1596.11 | -146.36 | 843.00 | 12144.85 | 12064.52 | 80.33 |
| 2021-22 (2022 ജനുവരി വരെ) | 30780 | 18154.01 | 1238.09 | -38.23 | 0 | 11426.13 | 8739.31 | 2686.82 |

**സെക്ഷൻ ഓഫീസർ**